കേരള പോലീസ്
KERALA POLICE

പത്രക്കുറിപ്പ് (14/12/17)

## കേരള കോൺഗ്രസ് (എം) മഹാസമ്മേളനത്തോടനുബന്ധിച്ചുള്ള ഗതാഗത നിയന്ത്രണങ്ങൾ

**കേരള കോൺഗ്രസ് (എം) മഹാസമ്മേളനത്തോടനുബന്ധിച്ച് 15-12-2017 തീയതി കോട്ടയം നഗരത്തിലും പരിസരങ്ങളിലും ഉച്ചയ്ക്ക് 01.00 മണി മുതൽ ഏർപ്പെടുത്തുന്ന ഗതാഗത നിയന്ത്രണങ്ങൾ.**

1. ചങ്ങനാശ്ശേരിയിൽ നിന്നും കോട്ടയത്തേയ്ക്ക് വരുന്ന സർവ്വീസ് ബസ്സുകൾ ഒഴികെ ഉള്ള ഭാര വാഹനങ്ങൾ ചിങ്ങവനം – ഗോമാതിക്കവല തിരിഞ്ഞ് പാക്കിൽ കടുവാക്കുളം – പുതുപ്പള്ളി മണർകാട് – തിരുവഞ്ചൂർ - ഏറ്റുമാനൂർ വഴി പോകേണ്ടതാണ്.
2. ഏറ്റുമാനൂർ നിന്ന് തിരുവനന്തപുരം ഭാഗത്തേയ്ക്കുള്ള സർവ്വീസ് ബസ്സുകൾ ഒഴികെ ഉള്ള ഭാര വാഹനങ്ങൾ ഏറ്റുമാനൂർ പേരൂർ കവല യിൽ നിന്നും തിരിഞ്ഞ് – തിരുവഞ്ചൂർ - മണർകാട് – പുതുപ്പള്ളി – ഞാലിയാകുഴി- തെങ്ങണ – ചങ്ങനാശ്ശേരി വഴി പോകേണ്ടതാണ്.
3. കെ. കെ. റോഡിൽ നിന്നും കോട്ടയത്തെക്കുള്ള സർവ്വീസ് ബസുകൾ ഒഴികെയുള്ള ഭാരവണ്ടികൾ വടക്കോട്ട് പോകേണ്ടവ മണർകാട് – ഏറ്റുമാനൂർ വഴിയും തെക്കോട്ട് പോകേണ്ടവ മണർകാട് – പുതുപ്പള്ളി റോഡിലൂടെയും പോകേണ്ടതാണ്.
4. ഏറ്റുമാനൂരിൽ നിന്നും MC റോഡ് വഴി കോട്ടയം ടൌണിലേയ്ക്കുള്ള ബസ്സുകൾ നാഗമ്പടം സ്റ്റാൻഡിൽ സർവീസ് അവസാനിപ്പിച്ച് അവിടെ നിന്നും തിരികെ പോകേണ്ടതാണ്.
5. കുമരകം ഭാഗത്ത് നിന്നും വരുന്ന എല്ലാ വാഹനങ്ങളും ഇല്ലിക്കൽ ജംഷനിൽ നിന്നും വലത്തോട്ട് തിരിഞ്ഞ് തിരുവാതുയ്ക്കൽ - കാരാപ്പുഴ വഴി പുളിമൂട് ജംഷനിൽ എത്തി റോഡ് ക്രോസ് ചെയ്ത് KSRTC വഴി കോടിമത മാർക്കറ്റ്

റോഡിൽ എത്തി പുതുപ്പള്ളി ചങ്ങനാശേരി ഭാഗത്തേയ്ക്ക് പോകേണ്ടതും ,ബേക്കർ ജംഗ്ഷനിൻ വരുന്ന വാഹനങ്ങൾ CMS ,ഇല്ലിയ്ക്കൽ ഭാഗത്തേയ്ക്ക് പോകേണ്ടതാണ്.-.

6. 15-12-2017 തീയതി ഉച്ചയ്ക്ക് ഒരു മണി മുതൽ വൈകിട്ട് ഒമ്പത് മണി വരെ ഭാരവണ്ടികൾക്ക് ടൌണിൽ പ്രവേശനം ഉണ്ടായിരിക്കുന്നതല്ല.
7. കെ.കെ റോഡിലൂടെ പോകേണ്ടുന്ന വാഹനങ്ങൾ ലോഗോസ് ജങ്ഷൻ - റബ്ബർ ബോർഡ് - ഇറഞ്ഞാൽ വഴി കഞ്ഞിക്കുഴിയിൽ എത്തി കെ. കെ റോഡിൽ പ്രവേശിക്കേണ്ടതാണ്

കൂടാതെ മലപ്പുറം , പാലക്കാട്, എറണാകുളം മുതലായ ജില്ലകളിൽ നിന്നും സമ്മേളനത്തിനു വരുന്ന വാഹനങ്ങൾ SH Mount –Mangalam Jn. –ൽ നിന്നും ഇടതു തിരിഞ്ഞ് വട്ടമൂട് പാലത്തിനു സമീപം പ്രവർത്തകരെ ഇറക്കി കൊശമറ്റം കവലയിലെത്തി ഇടതു തിരിഞ്ഞ് മോസ്കോ കവല വഴി തിരുവഞ്ചൂരിലെത്തി ഏറ്റമാനൂർ മണർകാട് ബൈപ്പാസ് റോഡരികിൽ ഇടതുവശം ചേർന്നു വാഹനങ്ങൾ പാർക്ക് ചെയ്യേണ്ടതാണ്.

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ മുതലായ ജില്ലകളിൽ നിന്നും സമ്മേളനത്തിനു വരുന്ന വാഹനങ്ങൾ കോടിമത പാലത്തിനു സമീപം നാലുവരി പാതയിൽ പ്രവർത്തകരെ ഇറക്കി മണിപ്പുഴ-ഈരേക്കടവ് പുതിയ ബൈപ്പാസ് റോഡരികിൽ പാർക്ക് ചെയ്യേണ്ടതാണ്.

ഇടുക്കി, തൊടുപുഴ, പാലാ, കാഞ്ഞിരപ്പള്ളി, റാന്നി, പുതുപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും വരുന്ന വാഹനങ്ങൾ കഞ്ഞിക്കുഴ ഭാഗത്ത് പ്രവർത്തകരെ ഇറക്കി ശാസ്ത്രി റോഡ് – കുര്യൻ ഉതുപ്പ് റോഡ് വഴി എത്തി നാഗമ്പടം പോപ്പ് മൈതാനിയിൽ പാർക്ക് ചെയ്യേണ്ടതാണ്.

പ്രസ്തുത സ്ഥലങ്ങളിൽ ഇറങ്ങുന്ന പാർട്ടി പ്രവർത്തകർ ഗതാഗത തടസ്സമുണ്ടാകാത്ത വിധത്തിൽ ചെറു സംഘങ്ങളായി സമ്മേളന സ്ഥലത്ത് എത്തുന്നതിനായി സംഘാടകർക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

പൊതുജനങ്ങൾക്കുണ്ടാകുന്ന അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി ഫയർഫോഴ്സ്, ആംബുലൻസ്, Control Room വാഹനങ്ങൾ, കഞ്ഞിക്കുഴി, SH Mount, ഇല്ലിക്കൽ, കോടിമത എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ച നിയോഗിച്ചിട്ടുള്ളതാണ് .

15-12-17 –ൽ നടക്കുന്ന സമ്മേളന സമയം പൊതുജനങ്ങൾക്കെന്തെങ്കിലും അടിയന്തിര സഹായം വേണ്ടി വന്നാൽ താഴെ പറയുന്ന നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

| | | |
|---|---|---|
| Control Room - | SI - | 9497931828 |
| ഇല്ലിക്കൽ - | CRV-I – | 9497932029 |
| കോടിമത- | CRV-II – | 9495233551 |
| കഞ്ഞിക്കുഴി- | CRV-III – | 9497961664 |
| SH Mount - | CRV-IV – | 9497932036 |

**Sd/-14-12-17**

**ജില്ലാ പോലീസ് മേധാവി**

**കോട്ടയം**